**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **29-08-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലി സമ്പത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016 ന് ശേഷം സംസ്ഥാനത്ത് കന്നുകാലി സമ്പത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത് 5 വർഷത്തിലൊരിക്കൽ നടക്കുന്ന കന്നുകാലി സെൻസസിലൂടെയാണ്. 2012 ലെ 19-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 1328640-ഉം 2019-ലെ 20-ാം കന്നുകാലി സെൻസസ് പ്രകാരം 1341996-ഉം ആണ്. 2012-ലെ സെൻസസിനെ അപേക്ഷിച്ച് 2019-ലെ സെൻസസിൽ സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ 1.01% ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് (കന്നുകാലികൾ – പശുക്കളുടേയും കാളകളുടേയും എണ്ണം മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു). |
| (ബി) | അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കാനും കർഷകർക്ക് ലഭ്യമാക്കാനും കഴിയുന്നുണ്ടോ? | (ബി) | ഉണ്ട്. ഭ്രൂണമാറ്റം, ഇൻവിട്രോഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് വരുന്നു. ഇതിനു പുറമേ വളരെ ഉയർന്ന ജനിതക ശേഷിയുള്ള 5 ഹോൾസ്റ്റീൻ ഫ്രീഷ്യൽ വിത്തുകാളകളെ ജർമ്മിനിയിൽ നിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വഴി Pure HF(അത്യുത്പാദന |

| | | | |
|---|---|---|---|
| | | | ശേഷിയുള്ള) കന്നുക്കുട്ടികൾക്കുള്ള സെമൻ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ കർഷകരുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്ത് യാഥാകാലം പ്രസവിപ്പിക്കുവാനും പാലുത്പാദന ക്ഷമത പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നുണ്ട്. കൂടാതെ 2021-22 ൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിലായി 621 കന്നുക്കുട്ടികളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ